# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1484

22/03/2013 - ലെ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ വരൾച്ചാ കൃഷിനാശം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | വരൾച്ചയുടെ ഭാഗമായി ഈ വർഷം പാലക്കാട് ജില്ലയിൽ എത്ര കോടി രൂപയുടെ കൃഷിനാശമാണ് കണക്കാക്കിയിട്ടുള്ളത് ; | (എ) | വരൾച്ചയുടെ ഭാഗമായി ഈ വർഷം പാലക്കാട് ജില്ലയിൽ 54.39 കോടി രൂപയുടെ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എത്ര ശതമാനം നെൽകൃഷിയുടെ കുറവാണ് അനുഭവപ്പെട്ടിട്ടുള്ളത് ; വിശദാംശം നൽകുമോ ; | (ബി) | വരൾച്ചമൂലം 30 മുതൽ 50 ശതമാനം വരെ നെൽകൃഷിയുടെ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. |
| (സി) | വരൾച്ചയുടെ ഭാഗമായി കൃഷിനാശം സംഭവിച്ചിട്ടുള്ള കർഷകരെ സഹായിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ? | (സി) | വരൾച്ചമൂലം കൃഷിനശിച്ച കർഷകർക്ക് കൃഷിനാശത്തിനുള്ള ധനസഹായം നൽകുന്നതിനുള്ള അപേക്ഷകൾ കൃഷിഭവൻ മുഖേന സ്വീകരിച്ചു വരുന്നു. വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പൂർണ്ണമായും നെൽകൃഷി നശിച്ച കർഷകർക്ക് വീണ്ടും കൃഷി ഇറക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ 15,240 കിലോ നെൽവിത്ത് സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ